(ഡി) പ്രത്യേകമായി ശ്രദ്ധയിൽ പെട്ടിട്ടില്ല. വിറകുമാത്രമായി സാധാരണ ലേലം വിളിക്കാറില്ല. ഡിപ്പോയിൽ ഇറക്കിക്കഴിഞ്ഞ തടികൾക്കു പുറമേയുള്ള മരങ്ങളും ചേർത്താണ് ലേലം നടത്തുന്നത്.

(ഇ) പൊതുജനങ്ങൾക്ക് വിറകു ന്യായമായ വിലയ്ക്ക് എങ്ങനെ ലഭ്യമാക്കാമെന്ന കാര്യം ഗവൺമെൻറ് പരിഗണിക്കുന്നുണ്ട്.

വലതുകര ചാൽ

233 [285] ശ്രീ. കെ. എ. ശിവരാമഭാരതി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വന-ജലസേചന മന്ത്രി സദയം മറുപടി നൽകുമോ :

(എ) ചിറ്റൂർപുഴ പദ്ധതിയിലെ മൂലത്തറ റിസർവോയറിൽ നിന്ന് പുതുതായി ആരംഭിച്ച വലതുകര ചാലിൻെറ (റൈറ്റ് ബാങ്ക് കനാൽ) പ്രവൃത്തി എന്നു പൂർത്തിയാകും ;

(ബി) ഈ വലതുകര കനാലുവഴി എത്ര ഏക്കർ ഭൂമിയാണ് ജലസേചനത്തിന് ഉപയോഗിക്കാൻ ഗവൺമെൻറ് ഉദ്ദേശിച്ചിട്ടുള്ളത് ;

(സി) ഈ വലതുകര കനാലിനെ കോരയാറിൽ ഒരു അക്വഡക്ടാക്കി ഉണ്ടാക്കുകവഴി വരൾച്ച ബാധിത പ്രദേശങ്ങളുടെ കേന്ദ്രസ്ഥാനമായ വടകരപ്പതി പഞ്ചായത്തിലെ വരട്ടയാറിൽ എത്തിക്കാൻ ഗവൺമെൻറ് അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) 1978-ൽ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) 3,000 ഏക്കർ കരിമ്പുകൃഷിക്കും 200 ഏക്കർ നെൽക്കൃഷിക്കും.

(സി) മൂലത്തറ വലതുകനാലിന് ഇപ്പോൾ തമിഴ് നാട്ടിൽ നിന്ന് ലഭിക്കുന്ന വെള്ളം കൂടുതൽ പ്രദേശങ്ങളിലേയ്ക്ക് ലഭ്യമാക്കുവാൻ അപര്യാപ്തമാണ്. കരിയാർകുറ്റി പദ്ധതി നടപ്പിലാക്കുമ്പോൾ ലഭിക്കുന്ന കൂടുതൽ വെള്ളം മൂലത്തറ വലതുകനാൽ വഴി വടകരപ്പതി പഞ്ചായത്തിലും മറ്റു വരൾച്ച ബാധിത പ്രദേശങ്ങളിലും എത്തിക്കുവാൻ സാധിക്കുന്നതാണ്.

സെയിലിംഗ് വെസൽസിനു വർഷാന്ത റിപ്പയർ നടത്തുന്നതിന് ആവശ്യമായ ഹൃസ്വകാല വായ്പ

234 [286] ശ്രീ. പിണറായി വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയം ഭരണ മന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ സെയിലിംഗ് വർഷാന്ത റിപ്പയർ നടത്തുന്നതിനാവശ്യമായ ഹൃസ്വകാല വായ്പ നൽകുന്നതിന് ദേശസാൽകൃത ബാങ്കുകളിൽ സംഖ്യ അനുവദിക്കാനാവശ്യമായ വല്ല നടപടിയും ഗവൺമെൻറ് എടുത്തിട്ടുണ്ടോ ;

(ബി) ഇതു സംബന്ധിച്ച് ഇൻഡ്യാഗവൺമെൻറിൻെറ ഫിനാൻസ് ഡിപ്പാർട്ടുമെൻറ് ചില നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട് എന്നറിയുന്നത് ശരിയാണോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഇക്കാര്യത്തിൽ നിർദ്ദേശങ്ങൾ ഒന്നും ലഭിച്ചതായി കാണുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly